**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **17-03-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ്ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ സബ്ട്രഷറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ സബ് ട്രഷറിക്കു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റെഡ്, കരാറുകാരനെ തിരഞ്ഞെടുത്തിട്ടുള്ളതുമാണ്. 04/11/2019 -ന് ആണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. എന്നാൽ Covid മഹാമാരിയെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുകയാണുണ്ടായത്. നിലവിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പ്ലാസ്റ്ററിംഗ് വർക്കുകൾ നടന്നു വരുന്നു. |
| (ബി) | നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്നും നിർമ്മാണത്തിന് അനുവദിച്ച സമയം എത്രയാണെന്നും അറിയിക്കാമോ; | (ബി) | 04/11/2019 -ന് ആണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. 12 മാസമായിരുന്നു നിർമ്മാണ കാലാവധി. |
| (സി) | പ്രവൃത്തി പൂർത്തികരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് മഹാമാരി മൂലമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം. |
| (ഡി) | പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റെഡ് അധികൃതരുമായി ഒര് യോഗം വിളിക്കുകയും ഇൻകെൽ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മിതിയിൽ നേരിടുന്ന കാലതാമസത്തെ കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു. സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി, ഇപ്പോൾ നിർമ്മാണം നടന്നു വരുന്ന ട്രഷറികളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കണമെന്നും എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി വർക്ക് ഷെഡ്യൂൾ പ്രകാരം തീർത്തു നൽകണമെന്നും INKEL Ltd. -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ